# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3388

18/02/2013 - ലെ മറുപടിയ്ക്ക്

## കർഷകാനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്നതിനുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ജോസഫ് വാഴക്കൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകരെ മുഴുവൻ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സർക്കാർ ഉത്തരവ് (എം.എസ്.) നം.152/2012 തീയതി 19/06/2012 പ്രകാരം സംസ്ഥാനത്തെ കർഷകരെ മുഴുവൻ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്നതിനുള്ള ഇ-പേയ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ നടപ്പിലാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നുമുള്ള കർഷകരുടെ അക്കൗണ്ടുകൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| (സി) | ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ; | (സി) | 1) ഈ പദ്ധതി വഴി കർഷകർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം അവരുടെ അക്കൗണ്ടിൽ എത്തുകയും അതുവഴി കൃഷി സമയബന്ധിതമായി ചെയ്യുവാൻ സാധിക്കുന്നു.<br>2) കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി പല പ്രാവശ്യം ഓഫീസിൽ കയറിയിറങ്ങുന്നതിന്റെ ബുദ്ധിമുട്ട് അവസാനിക്കും. |

3) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ എളുപ്പത്തിൽ ലഭ്യമാകുന്നതാണ്.

4) സർക്കാർ സംവിധാനത്തിലെ പണം വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സഹായിക്കും.

5) കാർഷിക വിജ്ഞാന വ്യാപന പ്രവർത്തകരായ കൃഷി ഓഫീസർമാർക്ക് ഫീൽഡിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഇത് സഹായിക്കും

| | | |
|---|---|---|
| **(ഡി)** | സംസ്ഥാനം മുഴുവൻ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ? | കൃഷി വകുപ്പ് വഴി സംസ്ഥാനം മുഴുവൻ ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ